പുഴയോര സംരക്ഷണം

54 [3916] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുഴയോരങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പുഴയോരം സംരക്ഷിക്കപ്പെടണം എന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധികൾ നൽകിയ നിവേദനങ്ങളിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പെരിങ്ങളം മണ്ഡലത്തിലെ പെരിങ്ങത്തൂര പുഴയോരം, മാഹി പുഴയോരം, പുത്തൂർ മുളിയാത്തോട് പുഴയോരഭിത്തി എന്നിവ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് പെരിങ്ങളം എം. എൽ. എ. നൽകിയ നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുഴയോരങ്ങൾ കെട്ടി സംരക്ഷിക്കാൻ നടപടി എടുക്കുന്നുണ്ട്.

(ബി) പുഴയോരം സംരക്ഷിക്കപ്പെടണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ജനപ്രതിനിധികൾ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ പുഴയോര സംരക്ഷണ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവർത്തികൾ ഏറ്റെടുത്തു നടത്തുകയും ചെയ്തുവരുന്നു.

(സി) പെരിങ്ങളം നിയോജക മണ്ഡലത്തിൽ പുത്തൂർപുഴ മുളിയാത്തോട്, കാഞ്ഞിരക്കടവ്, അമ്പലപ്പുഴ, ചിറക്കാവ് എന്നീ സ്ഥലങ്ങളിൽ പുഴയോര സംരക്ഷണത്തിന് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. കരിയാട് പഞ്ചായത്തിൽ മാഹി പുഴയോര സംരക്ഷണത്തിന് 10 ലക്ഷം രൂപയുടെ പ്രവർത്തികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പാട്യം, കരിയാട്, മുഴക്കുന്ന്, ചൊക്ലി എന്നീ പഞ്ചായത്തുകളിലെ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഈ പ്രവർത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് റിവർ മാനേജ്മെന്റ് ഫണ്ടിൽപ്പെടുത്തി ചെയ്യാൻ നടപടി എടുത്തുവരുന്നു.

ഭൂജലനിരപ്പു സംബന്ധിച്ചുള്ള കേന്ദ്ര സർക്കാർ റിപ്പോർട്ട്

55 [3917] *ശ്രീ. കെ. നാരായണക്കുറുപ്പ്:*
,, *തോമസ് ചാഴികാടൻ:*
,, *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂഗർഭജലം കൃത്രിമ മാർഗ്ഗത്തിലൂടെ നിലനിർത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയ മാതൃകാ ബിൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly